**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം - മാടപ്പള്ളി ബ്ലോക്ക് ഓഫീസിലെ ജനറൽ എക്സ്റ്റൻഷൻ ഓഫീസറായ ശ്രീ.വിപിൻകുമാർ.കെ.വി, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ.നം. 2614/16 നമ്പർ കേസിലെ 01/03/2017 ലെ അന്തിമ ഉത്തരവ് നടപ്പാക്കിക്കൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

**സ.ഉ.(സാധാ)നമ്പർ.1429/2017/തസ്വഭവ, തിരുവനന്തപുരം, തീയതി:05/05/2017**

---

പരാമർശം :1. 10/09/2004-ലെ ജി.ഒ (പി) നം. 12/2004/ഉഭപവ.
2. 04/04/2007-ലെ ജി.ഒ (എം.എസ്) നം.105/2007/തസ്വഭവ.
3. ഗ്രാമവികസന കമ്മീഷണറുടെ 03/11/2016 ലെ 12519/എസ്റ്റാ.സി2/2014/ സിആർഡി നമ്പർ നടപടിക്രമം.
4. ശ്രീ.വിപിൻകുമാർ.കെ.വി, ജനറൽ എക്സ്റ്റൻഷൻ ഓഫീസർ സമർപ്പിച്ച 20/02/2017 ലെ നിവേദനം.
5. ഒ.എ.നം. 2614/16 നമ്പർ കേസിലെ 01/03/2017 ലെ അന്തിമ ഉത്തരവ്.
6. ഗ്രാമവികസന കമ്മീഷണറുടെ 26/04/2017 ലെ 20776/എസ്റ്റാ സി2/16/ സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്ക് ഓഫീസിലെ ജനറൽ എക്സ്റ്റൻഷൻ ഓഫീസറായ ശ്രീ.വിപിൻകുമാർ.കെ.വി-യെ മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലേയ്ക്ക് സ്ഥലം മാറ്റിക്കൊണ്ട് പരാമർശം (3) പ്രകാരം ഗ്രാമവികസന കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചു നിലവിലുള്ള മാനദണ്ഡങ്ങൾ-ക്കനുസരിച്ച് 3 വർഷക്കാലം മാടപ്പള്ളി ബ്ലോക്ക് ഓഫീസിൽ ജോലി ചെയ്യുവാൻ അനുവദിക്കണമെന്നപേക്ഷിച്ചു കൊണ്ട് പരാമർശം (4) പ്രകാരം ടിയാൻ സർക്കാരിൽ നിവേദനം സമർപ്പിച്ചു. അതേ സമയം ഗ്രാമവികസന കമ്മീഷണറുടെ പരാമർശം (3) ലെ ഉത്തരവിനെതിരെ ടിയാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒ.എ.നം.2614/16 പ്രകാരം കേസ് ഫയൽ ചെയ്യുകയും ചെയ്തു. പ്രസ്തുത കേസിന്റെ പരാമർശം (5) ലെ ഉത്തരവിൽ ശ്രീ.വിപിൻകുമാർ സർക്കാരിൽ സമർപ്പിച്ച നിവേദനം (അനുബന്ധം-MA1) ഒന്നാം എതിർകക്ഷിയായ സർക്കാർ പരിഗണിക്കണമെന്നും അപേക്ഷകനേയും 5-ാം എതിർകക്ഷിയേയും നേരിൽ കേട്ട ശേഷം ഉത്തരവിന്റ പകർപ്പ് ലഭിച്ച് രണ്ടുമാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്നും ബഹു.ട്രൈബ്യൂണൽ ഉത്തരവായി. ഉത്തരവ് നടത്തിപ്പിനായി സർക്കാർ അപേക്ഷകനേയും 5-ാം എതിർകക്ഷിയേയും നേരിൽ കേട്ടു. അപേക്ഷകൻ കഴിഞ്ഞ 19 വർഷങ്ങളായി കോട്ടയം ജില്ലയിലെ വിവിധ ബ്ലോക്ക് ഓഫീസുകളിൽ ജോലി ചെയ്തു വരികയാണെന്നും, 5-ാം എതിർകക്ഷി ടിയാളുടെ സ്വന്തം ജില്ലയിലേയ്ക്ക് സ്ഥലം മാറ്റത്തിനായി അപേക്ഷിച്ചതിനാലാണ് അപേക്ഷകനെ മലപ്പുറം ജില്ലയിലേക്കു മാറ്റി 5-ാം എതിർകക്ഷിയെ പ്രസ്തുത തസ്തികയിൽ നിയമിച്ചതെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ടു ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.വിപിൻകുമാർ.കെ.വി മാടപ്പള്ളി ബ്ലോക്ക് ഓഫീസിൽ ജോലിയിൽ പ്രവേശിച്ചത് 19/08/2015-ലാണ്. ഒരു ഓഫീസിൽ 3 കൊല്ലത്തെ സേവനകാലം പൂർത്തിയാകാത്ത ജീവനക്കാരെ സ്ഥലം മാറ്റുവാൻ പാടില്ലെന്ന് പരാമർശം (1), (2) ഉത്തരവുകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരാമർശം (3) ലെ ഉത്തരവ് പ്രകാരം ടിയാനെ സ്ഥലംമാറ്റിയത് പരാമർശം (1), (2) സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കെതിരാണ്. ശ്രീ.വിപിൻകുമാർ, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 24/11/2016-ലെ സ്റ്റേ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് മാടപ്പള്ളി ബ്ലോക്കിൽ തുടർന്നുവരുന്നത്. 5-ാം എതിർകക്ഷിക്ക് കോട്ടയം ജില്ലയിൽ സൗകര്യപ്രദമായ സ്ഥലംമാറ്റം നൽകുകയും, പെരുമ്പടപ്പ് ബ്ലോക്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ നിയമിക്കുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ, കോട്ടയം ജില്ലയിൽ മാടപ്പള്ളി ബ്ലോക്കിൽ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 24/11/2016-ലെ സ്റ്റേ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജനറൽ എക്സ്റ്റൻഷൻ ഓഫീസറായി തുടർന്നു വരുന്ന ശ്രീ.വിപിൻകുമാർ.കെ.വി-യെ ടി ഓഫീസിൽ നിലനിർത്തുവാൻ ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ.നം.2614/16 നമ്പർ കേസിലെ പരാമർശം (5) ലെ അന്തിമ ഉത്തരവ് ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സന്തോഷ് കുമാർ.എസ്.ആർ**
**ഡെപ്യൂട്ടി സെക്രട്ടറി**

1) ശ്രീ.വിപിൻകുമാർ.കെ.വി, ജനറൽ എക്സ്റ്റൻഷൻ ഓഫീസർ, മാടപ്പള്ളി ബ്ലോക്ക് ഓഫീസ്, കോട്ടയം ജില്ല.
2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3) അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
4) അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
5) ശ്രീമതി.വിനീത.കെ, ജനറൽ എക്സ്റ്റൻഷൻ ഓഫീസർ (ഗ്രാമവികസന കമ്മീണർ മുഖേന)
6) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7) വിവര പൊതുജന സമ്പർക്ക വകുപ്പ് ( web & newmedia)
8) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ